കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ്-പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (റീബിൽഡ് കേരള ഇനിഷ്യേറ്റീവ്) PMU(RKI)ലേക്ക് ASAP-ൽ നിന്നും എഞ്ചിനീയറിംഗ് ബിരുദാനന്തര ബിരുദധാരികളുടെ സേവനം ലഭ്യമാക്കൽ-അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇഡബ്ല്യുബി) വകുപ്പ്

സ.ഉ.(സാധാ) നം.1448/2020/തസ്വഭവ തിരുവനന്തപുരം, തീയതി : 04/08/2020

---

ഉത്തരവ്

പരാമർശം:- 1.പ്രോജക്റ്റ് ഡയറക്ടറുടെ 11/03/2020-ലെ E2-25/2020/PMU LSGD-നമ്പർ കത്ത്
2.23/12/2019 ലെ സ.ഉ (സാധാ) നം.2933/2019/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.

ഉത്തരവ്

റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി കേരളത്തിലെ എട്ട് ജില്ലകളിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് 1420 കിലോമീറ്റർ നീളത്തിൽ റോഡുകൾ രൂപ കല്പന ചെയ്ത് പുനർ നിർമ്മിക്കുക എന്ന ശ്രമകരമായ ദൗത്യത്തിൽ ഏർപ്പെട്ടിരിക്കുകയാണെന്നും ആയത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിലേക്ക് കൂടുതൽ മനുഷ്യവിഭവശേഷി ആവശ്യമാണെന്നും, അതിനായി എഞ്ചിനീയറിംഗ് ബിരുദാനന്തര ബിരുധധാരികളെ സേവന നൈപുണ്യ വികസനത്തിനായി പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ്(PMU)/പ്രോജക്ട് ഇംപ്ലിമെന്റിംഗ് യൂണിറ്റുകളിൽ(PIU) വ്യന്യസിക്കുന്നത് അഭികാമ്യമായിരിക്കുമെന്നും പരാമർശം (1) ലെ കത്തിലൂടെ പ്രൊജക്ട് ഡയറക്ടർ സർക്കാരിനെ അറിയിച്ചിരുന്നു. പരാമർശം (2) ലെ സർക്കാർ ഉത്തരവിൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുടെ സേവനം പ്രയോജനപ്പെടുത്താൻ അനുവദിച്ചിട്ടുള്ള തദ്ദേശസ്വയംഭരണ/ അനുബന്ധ സ്ഥാപനങ്ങളുടെ പട്ടികയിൽ PMU (RKI)വിനെ ഉൾപ്പെടുത്തിയിരുന്നില്ലെന്നും ആയതിനാൽ ASAP മുഖേന PMU/PIU വിലേക്ക് അഞ്ച് എഞ്ചിനിയറിംഗ് ബിരുദാനനന്തര ബിരുദധാരികളുടെ (എം.ടെക്ക് ട്രാൻസ്പോർട്ടേഷൻ എഞ്ചിനീയറിംഗ്-3, എം.ടെക്ക് സ്ട്രക്ച്ചറൽ എഞ്ചിനീയറിംഗ്-2 ) സേവനം

പ്രയോജനപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവാകണമെന്നും പ്രൊജക്ട് ഡയറക്ടർ അപേക്ഷിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി കേരളത്തിലെ എട്ട് ജില്ലകളിൽ 1420 കിലോമീറ്റർ നീളത്തിൽ റോഡുകൾ രൂപകല്പന ചെയ്ത് പുനർനിർമ്മിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിലേക്ക് 23/12/2019 ലെ 2933/2019/തസ്വഭവ നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കും നിർദ്ദേശങ്ങൾക്കും വിധേയമായി റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായുള്ള പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ്(PMU)/പ്രോജക്ട് ഇംപ്ലിമെന്റിംഗ് യൂണിറ്റുകളിൽ(PIU) അഞ്ച് എഞ്ചിനീയറിംഗ് ബിരുദാനന്തര ബിരുദധാരികളുടെ സേവനം ( എം.ടെക്ക് ട്രാൻസ്പോർട്ടേഷൻ എഞ്ചിനീയറിംഗ്-3, എം.ടെക്ക് സ്ട്രക്ചറൽ എഞ്ചിനീയറിംഗ്-2 എന്ന രീതിയിൽ) ASAP ൽ നിന്ന് ലഭ്യമാക്കാൻ പ്രോജക്ട് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )

**ഗോപകുമാർ യു**

അണ്ടർ സെക്രട്ടറി

പകർപ്പ്

പ്രൊജക്ട് ഡയറക്ടർ, റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ASAP, വഴുതക്കാട്, തിരുവനന്തപുരം
ചീഫ് എൻജിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ഉന്നതവിദ്യാഭ്യാസ വകുപ്പ്
വെബ് & ന്യൂ മീഡിയ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ